നിലവിൽ അങ്കമാലി - ശബരി റെയിൽ പദ്ധതി റെയിൽവേ ബോർഡ് ഫലനീഭവിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത നടപടി റെയിൽ മന്ത്രാലയം പിൻവലിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിക്കാവശ്യമായ തുക സ്വരൂപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**മൃഗസംരക്ഷണ മേഖലയിൽ വാക്സിൻ ഉത്പാദനം**

23 (*113) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിമൃഗാദികളുടെ ആരോഗ്യ പരിപാലനത്തിന് ആവശ്യമായ വാക്സിനുകൾ ക്ഷാമംകൂടാതെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കോഴിവസന്ത (Ranikhet Disease), താറാവ് വസന്ത (Duck Plague), ഡക്ക് പാസ്റ്ററിലോസിസ് (Duck Pasteurellosis), ആട് വസന്ത (PPR), ആടുകളിലെ എൻറ്ററോ ടോക്സീമിയ (Enterotoxomia), ഫൗൾ പോക്സ് (Fowl Pox), ഹെമറാജിക് സെപ്റ്റിസീമിയ (Hemorrhagic Septicemia), ബ്ലാക്ക് ക്വാർട്ടർ (Black Quarter), ആന്ത്രാക്സ് (Antrax), Classical Swine Fever എന്നീ അസുഖങ്ങളുടെ പ്രതിരോധ കുത്തിവെയ്പ് പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യുന്നു.

2. ബ്രൂസെല്ല (Brucellosis), കുളമ്പുരോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നു. കന്നുകാലികളിലുള്ള ചർമ്മമുഴ രോഗം (Lumpy Skin Disease) പ്രതിരോധ കുത്തിവെയ്പ് അഹമ്മദാബാദ് ബയോ ഹെസ്റ്ററിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

3. 2021 തുടക്കം മുതൽ ഉണ്ടായ കുളമ്പുരോഗ ബാധ ചെറുക്കുന്നതിനായി ആയത് റിപ്പോർട്ടുചെയ്ത പ്രദേശങ്ങളിൽ റിംഗ് വാക്സിനേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനായി ഒരു ലക്ഷം ഡോസ് വാക്സിൻ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിൽനിന്നും നേരിട്ട് വാങ്ങി പശുക്കൾ, എരുമകൾ, പന്നികൾ എന്നിവയ്ക്ക് നൽകുകയുമുണ്ടായി.

4. ആർ.എഫ്.കെ.വി.സി. (RFKVC- Rabies Free Kerala Vaccination Campaign) പദ്ധതിപ്രകാരം മൃഗങ്ങളിലെ പേവിഷ ബാധയെ ചെറുക്കുന്നതിനായി പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകിവരുന്നു.

(ബി) മൃഗസംരക്ഷണ മേഖലയിൽ ഫലപ്രദമായ വാക്സിനുകൾ ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് വാക്സിൻ ഉൽപ്പാദന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സജീവ പരിഗണനയിലാണ്. പേവിഷബാധ മനുഷ്യർ ഉൾപ്പെടെ എല്ലാ സസ്തനികളേയും ബാധിക്കുന്ന ഒരു വൈറസ് രോഗമാണ്. ഈ രോഗം പ്രധാനമായും നായയുടെ കടിമൂലമാണ് പകരുന്നത്. രോഗബാധയുള്ള മൃഗത്തിന്റെ ഉമിനീർ, സ്രവങ്ങൾ, വിസർജ്യങ്ങൾ എന്നിവയുമായി സമ്പർക്കം വന്നാലും ഈ രോഗം ബാധിക്കാം. ആരോഗ്യ രംഗത്തുനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 2013-ൽ 88,172, 2014-ൽ 1,19,191 നായകളുടെ കടിയേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പേവിഷബാധമൂലം 2013-ൽ 11 പേരും 2014-ൽ 10 പേരും 2016-ജൂലൈ വരെ 7 പേരും മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അനിമൽ ഡിസീസ് മോണിറ്ററിംഗ് ആൻഡ് സർവൈലൻസിന്റെ അഖിലേന്ത്യാ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് വാർഷിക റിപ്പോർട്ടനുസരിച്ച് കേരളത്തിൽ ഈ രോഗം എൻഡെമിക് ആണ്. കന്നുകാലികളിൽ ഈ രോഗത്തിന്റെ നിരക്ക് 66% ആണ്. പേവിഷബാധമൂലം മൃഗങ്ങൾക്ക് ഉണ്ടാകുന്ന മരണ നിരക്ക് ആന്ത്രാക്സ്, ഹെമറേജിക് സെപ്റ്റിസീമിയ, കരിങ്കാളി എന്നീ രോഗങ്ങളുടെ മരണനിരക്കുകളേക്കാൾ അധികമാണ്. ശുദ്ധമായ പാൽ, മാംസം എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ആരോഗ്യമുള്ള മൃഗസമ്പത്ത് ആവശ്യമുണ്ട്. കൂടാതെ ഏകാരോഗ്യം ലക്ഷ്യമിട്ടു രോഗനിയന്ത്രണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ആരോഗ്യമുള്ള ഒരു പുതുതലമുറക്കായി വഴി ഒരുക്കുവാൻ അനിവാര്യമാണ്.

(സി) പക്ഷിമൃഗാദികളുടെ പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ, ജന്തുജന്യരോഗങ്ങൾക്കുള്ള വാക്സിൻ എന്നിവയുടെ ഉൽപ്പാദനത്തിനുള്ള നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലുണ്ട്. പക്ഷിമൃഗാദികളുടെ പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് ഉദ്ദേശം 102 കോടി രൂപ ചെലവഴിച്ച് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി NABCONS തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് കേന്ദ്രത്തിൽ ആരംഭിച്ച മനുഷ്യർക്കും ഉപയോഗിക്കാവുന്ന വാക്സിൻ നിർമ്മാണ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്താമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മനുഷ്യർക്കും ഉപയോഗിക്കാവുന്ന പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**കാർഷികോൽപ്പന്നങ്ങളുടെ സംഭരണം**

24 (*114) <u>ശ്രീ. മാണി സി. കാപ്പൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് തറവില പ്രഖ്യാപിച്ചിട്ടും സംഭരിക്കാൻ ആളില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്തുമോ; തറവില പ്രഖ്യാപനം വന്ന് പത്തുമാസമായ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും

LIBRARY ARCHIVES Kerala Legislative Assembly